LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി പുരോഗമിക്കുകയാണ്. കണ്ടൽത്തൈകൾ ഉല്പാദിപ്പിച്ച് പൊതുജനങ്ങൾ വഴിയും സന്നദ്ധ സംഘടനകൾ വഴിയും നട്ടുപിടിപ്പിക്കുകയും ചെയ്തുവരുന്നു. 24-12-16-ലെ സ.ഉ.(സാധാ)നമ്പർ 485/16/വനം പ്രകാരം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

സാമൂഹ്യ വനവല്കരണ പദ്ധതി

111(5558) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവല്കരണ പദ്ധതിയുടെ ഭാഗമായി വച്ചുപിടിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സന്നദ്ധ സംഘടനകൾ, സ്കൂൾ അധികൃതർ, ഫോറസ്ട്രി ക്ലബ്ബുകൾ തുടങ്ങിയവയുടെ സഹകരണം ഉറപ്പുവരുത്തി തൈകൾ പരിപാലിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വിദ്യാവനം തുടങ്ങിയവ വഴി നട്ടുപിടിപ്പിച്ച തൈകളുടെ പരിപാലനവും അതിജീവനവും വനം വകുപ്പ് നേരിട്ട് പരിശോധിക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് വിതരണം ചെയ്ത തൈകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം പരിപാലനം നടത്തുന്നുണ്ട്. തൈകൾ സ്വീകരിച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അവ പരിപാലിക്കുന്നതിനുള്ള നിർദ്ദേശം അതത് സമയത്ത് നൽകിവരാറുണ്ട്.

(ബി) സാമൂഹ്യ വനവല്കരണ പദ്ധതിയുടെ ഭാഗമായി നൽകുന്ന വൃക്ഷത്തൈകൾ യഥാസമയം ജനങ്ങളിൽ എത്തുന്നുണ്ടോയെന്നും വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ നടുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ തൈ വിതരണ രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വനം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് സർവ്വേ നടത്തുകയും അതിജീവനനിരക്ക് രേഖപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.